**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5944** **09-07-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ഡേറ്റ ശേഖരണത്തിനായി പ്രത്യേക സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എം.വിജിന്‍,<br>ശ്രീ. കെ.എന്‍. ഉണ്ണികൃഷ്ണന്‍,<br>ശ്രീ ജി സ്റ്റീഫന്‍** | | **ശ്രീ കെ എന്‍ ബാലഗോപാല്‍<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഡേറ്റ ശേഖരണം, നയരൂപീകരണം, സ്ഥിതി വിവരക്കണക്ക് ശക്തിപ്പെടുത്തല്‍ എന്നിവയ്ക്കായി പ്രത്യേക സംവിധാനത്തിന് രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ സ്ഥിതി വിവരക്കണക്ക് സംവിധാനത്തിന്റെ നോഡല്‍ ഏജന്‍സിയായി പ്രവര്‍ത്തിക്കുന്നത് സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പാണ്. സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ശേഖരിക്കുന്ന സ്ഥിതി വിവര കണക്കുകള്‍ സംസ്ഥാനത്തിന്റെ വികസന പ്രവര്‍ത്തനങ്ങള്‍ക്കും നയരൂപീകരണത്തിനും ഉപയുക്തമാക്കുന്നതാണ്. ഇത്തരത്തിലുള്ള സ്ഥിതി വിവരക്കണക്കുകള്‍ ശേഖരിക്കുന്നത് കേന്ദ്ര സര്‍ക്കാരിന്റെയും സംസ്ഥാന സര്‍ക്കാരിന്റെയും വിവിധ വിവരശേഖരണ പദ്ധതികള്‍ വഴിയാണ്. സംസ്ഥാന നോഡല്‍ ഏജന്‍സിയെ ശക്തിപ്പെടുത്തുന്നതിനായി വിവിധ കാലഘട്ടങ്ങളില്‍ കേന്ദ്ര-സംസ്ഥാന സര്‍ക്കാരുകളുടെ സംരംഭങ്ങള്‍ ഉണ്ടായിരുന്നു. ഇന്ത്യാ സ്റ്റാറ്റിസ്റ്റിക്കല്‍ സ്ട്രെങ്ത്തനിംഗ് പ്രോജക്ടിന്റെ State Strategic Statistical Plan-ന്റെ ഭാഗമായി നാഷണല്‍ സ്റ്റാറ്റിസ്റ്റിക്കല്‍ കമ്മീഷന്റെ മാതൃകയില്‍ സംസ്ഥാനത്തിലും സ്റ്റാറ്റിസ്റ്റിക്കല്‍ കമ്മീഷന്‍ നിലവില്‍ വരികയുണ്ടായി. പ്രസ്തുത സംവിധാനം നിലവിലുള്ള സ്ഥിതിവിവരക്കണക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതിന് ഒട്ടനവധി നിര്‍ദ്ദേശങ്ങള്‍ നല്‍കി വരുന്നു. ഇതു കൂടാതെ, നിലവില്‍ വകുപ്പിന്റെ പ്രവര്‍ത്തനങ്ങളെ നൂതന സാങ്കേതിക വിദ്യകള്‍ സമന്വയിപ്പിച്ച് സംസ്ഥാന സ്ഥിതി വിവരക്കണക്ക് സംവിധാനം കാര്യക്ഷമമാക്കുന്നതിന് 26/09/2022 തീയതിയിലെ സ.ഉ.(സാധാ) 372/2022/P&EA നമ്പര്‍ സര്‍ക്കാര്‍ ഉത്തരവു പ്രകാരം റീ വാംപിംഗ് ആക്ഷന്‍ ടീം രൂപീകരിച്ച് പ്രവര്‍ത്തിച്ചു വരുന്നു. പ്രസ്തുത സംവിധാനം വകുപ്പിന്റെ ഒരു കോര്‍ ടീമായി നിലകൊള്ളുന്നു. ഇതു കൂടാതെ, സ്റ്റേറ്റ് പ്ലാനിംഗ് ബോര്‍ഡ് സ്ഥിതിവിവരക്കണക്ക് സംവിധാനം |

| | | | |
|---|---|---|---|
| | | | ശക്തിപ്പെടുത്തുന്നതിന് ഒട്ടനവധി നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. സംസ്ഥാന വരുമാനം ശക്തിപ്പെടുത്തുന്നതിന് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ നേതൃത്വത്തിൽ മൂന്ന് മേഖലകളിൽ പ്രഥമ, ദ്വിദീയ, ത്രിതീയ എന്നീ മൂന്ന് ഗ്രൂപ്പുകളായി തിരിച്ച് വിദഗ്ധരുടെ മേൽനോട്ടത്തിൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അടങ്ങുന്ന റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ നിരവധി സംരംഭങ്ങളും വിവിധ പദ്ധതികളും നിർവ്വഹണം നടത്തി സ്ഥിതി വിവരക്കണക്ക് സംവിധാനം ശക്തിപ്പെടുത്തുന്ന പ്രക്രിയ മുന്നോട്ട് കൊണ്ടു പോകുന്നു. |
| (ബി) | ആഭ്യന്തര ഉല്പന്നത്തിന്റെ സമാഹാരം പരിശോധിക്കുന്നതിനും ഡേറ്റയിലും രീതിശാസ്ത്രത്തിലും ശിപാർശകൾ നൽകുന്നതിനും പ്രസ്തുത സംവിധാനം പ്രയോജനപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | പ്രയോജനപ്പെട്ടിട്ടുണ്ട്.<br><br>സംസ്ഥാന വരുമാനം കണക്കാക്കുന്നതിനുള്ള വിവര ശേഖരണം കുറ്റമറ്റതാക്കുന്നതിനായി രൂപീകരിച്ച ഉപസമിതികളുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സമിതികളുടെ ശിപാർശകൾ സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. കൂടാതെ സംസ്ഥാന വരുമാനം കണക്കാക്കുന്ന സംവിധാനം മെച്ചപ്പെടുത്തുന്നതിന് ദേശീയ തലത്തിൽ രൂപീകരിച്ച Prof. Dholakia കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങളും പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ